(ബി) എങ്കിൽ ഇത് തരണം ചെയ്യാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ലേലത്തിൽ പങ്കെടുക്കുന്നവരുടെ ധാരണയുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ കിട്ടേണ്ടതിനേക്കാൾ കുറഞ്ഞവില ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇപ്രകാരം ധാരണയുള്ളതായി കാണുന്നപക്ഷം ലേലം റദ്ദു ചെയ്ത് ഉൽപ്പന്നങ്ങൾ പുനർലേലം ചെയ്തു വിൽക്കുന്നതിന് വ്യവസ്ഥയുണ്ട്. കൂടുതൽ തടി ലേലത്തിൽ ഉൾപ്പെടുത്തി വ്യാപകമായ പരസ്യംവഴി കൂടുതൽ ആളുകളെ ലേലത്തിൽ പങ്കെടുപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

വനം വകുപ്പിൽ താൽക്കാലിക വാച്ചർമാരുടെ നിയമനം

113 [2986] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ താൽക്കാലികമായി എത്ര വാച്ചർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവരുടെ പേരും വിലാസവും റേഞ്ച് തിരിച്ച് അറിയിക്കാമോ;

(സി) താൽക്കാലിക ജീവനക്കാർക്ക് താമസിക്കുന്നതിനായി പി. റ്റി. പി. നഗറിലെ വനം വകുപ്പിന്റെ റെസ്റ്റ് ഹൗസ് വിട്ടുകൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) റെസ്റ്റ് ഹൗസിലെ താമസത്തിന് മേൽപ്പറഞ്ഞ താൽക്കാലിക ജീവനക്കാരിൽ നിന്നും വാടക ഈടാക്കാറുണ്ടോ; എങ്കിൽ 30-6-2004 വരെ എത്ര തുക വാടകയിനത്തിൽ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി ആന്റ് ഇ) ഉത്തരം 'സി'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly